**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1412** **12-02-2025 - ൽ മറുപടിയ്ക്ക്**

**മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സെക്കൻഡറി വിഭാഗത്തിലെ എയ്ഡഡ് അധ്യാപകരുടെ നിയമന അംഗീകാരം മുതൽ പെൻഷൻ വരെയുള്ള സേവന വേതന വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്ന എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഇ., ഡി.പി.ഐ. ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനും തുടർന്ന് ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ഡി.ഇ.ഒ. യുടെ പി.എ, എ.എ./എ.പി.എഫ്.ഒ./എ.ഒ. തുടങ്ങിയ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റത്തിനും പി.എസ്.സി. നടത്തുന്ന കെ.ഇ.ആർ. പരീക്ഷ പാസാകുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | **ഉണ്ട്.**<br>**കേരളത്തിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തെ നിയന്ത്രിക്കുന്ന നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥ ചെയ്തിരിക്കുന്നത് KER-ൽ ആണ്.ആയത് പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ ആവശ്യം അറിഞ്ഞിരിക്കേണ്ടതാണ്.** |
| (ബി) | പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഹയർസെക്കൻഡറി വിഭാഗത്തിലെ എയ്ഡഡ് ഹയർസെക്കൻഡറി അധ്യാപകരുടെ നിയമന അംഗീകാരം മുതൽ പെൻഷൻ വരെയുള്ള സേവന വേതന വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്ന റീജണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെയും ഹയർസെക്കൻഡറി ഡയറക്ടറേറ്റിലെയും അക്കൗണ്ട്സ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത നിശ്ചയിച്ച് ഇറക്കിയ സ. ഉ. (കൈ) നമ്പർ 3/2025/ ജി.ഇ.ഡി.എൻ. -ൽ യോഗ്യതയിൽ നിന്നും പി.എസ്.സി. നടത്തുന്ന കെ.ഇ.ആർ പരീക്ഷ പാസാകുന്നത് ഒഴിവാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗത്തിൽ നിലവിലുള്ള മിനിസ്റ്റീരിയൽ തസ്തികകൾക്ക് ഒന്നും കെ ഇ ആർ പരീക്ഷ പാസാകണമെന്ന യോഗ്യത നിശ്ചയിച്ചിട്ടില്ല.**<br><br>**അക്കൗണ്ട്സ് ഓഫീസർ തസ്തികക്ക് ജനറൽ റൂൾ പ്രകാരമായിരുന്നു സ്ഥാനക്കയറ്റം നൽകി വന്നിരുന്നത് എന്നാൽ ജനറൽ റൂളിൽ ഹയർ സെക്കന്ററി വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാനക്കയറ്റം നൽകുന്നതിലേക്കായി യോഗ്യത നിശ്ചയിച്ചുകൊണ്ട് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുകയാണ് 4/1/2025ലെ സ.ഉ(കൈ)നം3/2025/പൊവിവ ഉത്തരവ് പ്രകാരം ചെയ്തത്.** |
| (സി) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെക്കൻഡറി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ | (സി) | **പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗത്തിൽ നിലവിലുള്ള മിനിസ്റ്റീരിയൽ** |

| | | | |
|---|---|---|---|
| | വിഭാഗങ്ങളുടെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഏകീകരണത്തിനായി ഉള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി നടന്നുകൊണ്ടിരിക്കെ ആയതു മറികടന്ന് ഹയർസെക്കൻഡറി തലത്തിലെ അക്കൗണ്ട്സ് ഓഫീസർമാർക്ക് അത്യാവശ്യം ഉണ്ടായിരിക്കേണ്ട നിശ്ചിത യോഗ്യതയായ കെ.ഇ.ആർ ഒഴിവാക്കി സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത നിശ്ചയിച്ച് എക്സിക്യൂട്ടീവ് ഉത്തരവിറക്കിയത് സർക്കാർ നയമാണോയെന്ന് വ്യക്തമാക്കാമോ; | | **തസ്തികകൾക്ക് ഒന്നും കെ ഇ ആർ പരീക്ഷ പാസാകണമെന്ന യോഗ്യത നിശ്ചയിച്ചിട്ടില്ല.**<br>**അക്കൗണ്ട്സ് ഓഫീസർ തസ്തികക്ക് ജനറൽ റൂൾ പ്രകാരമായിരുന്നു സ്ഥാനക്കയറ്റം നൽകി വന്നിരുന്നത് എന്നാൽ ജനറൽ റൂളിൽ ഹയർ സെക്കന്ററി വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാനക്കയറ്റം നൽകുന്നതിലേക്കായി യോഗ്യത നിശ്ചയിച്ചുകൊണ്ട് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുകയാണ് 4/1/2025ലെ സ.ഉ(കൈ)നം3/2025/പൊവിവ ഉത്തരവ് പ്രകാരം ചെയ്തത്.** |
| (ഡി) | പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെക്കൻഡറി തലത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ അക്കൗണ്ട് ഓഫീസർ വരെയുള്ള സ്ഥാനക്കയറ്റത്തിന് പി.എസ്.സി നടത്തുന്ന കെ.ഇ.ആർ പരീക്ഷ നിർബന്ധമായിരിക്കേ ആയത് മറികടന്ന് അതേ വകുപ്പിന് കീഴിലുള്ള ഹയർ സെക്കൻഡറി ഭാഗത്തിലെ അക്കൗണ്ട്സ് ഓഫീസർമാർക്ക് സ്ഥാനക്കയറ്റത്തിന് പ്രസ്തുത പരീക്ഷ ഒഴിവാക്കിയത് വകുപ്പുകളുടെ സംയോജനത്തിനുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി പൂർത്തീകരിക്കുമ്പോൾ ചട്ടങ്ങളുടെ ലംഘനത്തിനും നിയമ പ്രശ്നങ്ങൾക്കും കാരണമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | **പൊതുവിദ്യാഭ്യാസ വകുപ്പിലെ എകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിൽ ഇക്കാര്യം കൂടി പരിഗണിക്കുന്നതാണ്** |
| (ഇ) | ഹയർ സെക്കൻഡറി അധ്യാപകരുടെ യോഗ്യതയും നിയമന രീതിയും കെ.ഇ.ആർ -ൽ വ്യവസ്ഥ ചെയ്തിരിക്കെ പ്രസ്തുത അധ്യാപകരുടെ നിയമന അംഗീകാരം മുതൽ പെൻഷൻ വരെയുള്ള സേവന വേതന വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്ന ഹയർസെക്കൻഡറി വിഭാഗത്തിലെ അക്കൗണ്ട് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് അത്യാവശ്യം ഉണ്ടായിരിക്കേണ്ട കെ.ഇ.ആർ. പരീക്ഷ പാസാകുന്നത് കൂടി ഉൾപ്പെടുത്തി സ. ഉ. (കൈ) നമ്പർ 3/2025/ജി.ഇ.ഡി.എൻ സർക്കാർ ഉത്തരവിലെ അപാകത പരിഹരിച്ച് പ്രസ്തുത ഉത്തരവ് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | **പൊതുവിദ്യാഭ്യാസ വകുപ്പിലെ എകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിൽ ഇക്കാര്യം കൂടി പരിഗണിക്കുന്നതാണ്** |

സെക്ഷൻ ഓഫീസർ